LIBRARY ARCHIVES Kerala Legislative Assembly

ഭാരതീയ ചികിത്സാ വകുപ്പിൽ പത്തനംതിട്ട ജില്ലയിലെ കോന്നി നിയോജകമണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല.

കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച്

261 (3289) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

കോട്ടയം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ജില്ലയിൽ പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ 5 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കൂടാതെ, 3 ഒഴിവുകൾ കൂടി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഉയർന്ന തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താത്തതുമൂലം എൻടികേഡറിൽ ഒഴിവു വരാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉയർന്ന തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ യഥാസമയം സ്ഥാനക്കയറ്റം നൽകി നികത്താത്തതുമൂലം എൻടികേഡറിൽ ഒഴിവുവരാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.

(സി) എങ്കിൽ യഥാസമയം സ്ഥാനക്കയറ്റം നൽകി ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സ്ഥാനക്കയറ്റം നൽകി ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ഇതിനകം തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്.

'എന്റെ കൂട്' പദ്ധതി

262 (3290) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യഭക്ഷണവും താമസസൗകര്യവും നൽകുന്ന 'എന്റെ കൂട്' പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ?